നം.എൻ.എസ്.4/45400/2014/ഡി.പി.ഐ. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം. തീയതി:-12.06.2014.

## വിജ്ഞാപനം

2014-16 വർഷത്തെ ദ്വൈ വൽസര പ്രീ-പ്രൈമറി അദ്ധ്യാപക പരിശീലന കോഴ്സി ലേക്കുള്ള പ്രവേശനത്തിന് നിശ്ചിത മാതൃകയിലുള്ള അപേക്ഷകൾ ക്ഷണിയ്ക്കുന്നു.

അപേക്ഷകർ 45%-ൽ കുറയാതെ മാർക്കോടെ +2 അഥവാ തത്തുല്യപരീക്ഷ ജയിച്ചിരിക്കണം. ബിരുദ യോഗ്യതയുളളവർക്ക് മാർക്ക് പരിധി ബാധകമല്ല. പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ടവർ യോഗ്യത പരീക്ഷ ജയിച്ചാൽ മതിയാകും. ഒ.ബി.സി വിഭാഗത്തിൽപ്പെടുന്നവർക്ക് 2% മാർക്ക് ഇളവ് ലഭിക്കുന്നതാണ്.

സംസ്ഥാന യുവജനോത്സവത്തിൽ സംഗീതം, നൃത്തം, നാടകം എന്നീ ഇനങ്ങളിൽ മികച്ച പ്രകടനം കാഴ്ചവെച്ചവർക്ക് 5% മാർക്ക് ഇളവും, സ്പോർട്സ്, ഗെയിംസ്, എൻ.സി.സി, സ്കൗട്ട് എന്നിവയിൽ മികച്ച പ്രകടനം കാഴ്ചവെച്ചവർക്ക് വെയിറ്റേജ് മാർക്കും ലഭിക്കുന്നതാണ്.

പ്രായപരിധി 1/6/2014 ൽ 17 നും 33 നും മദ്ധ്യേയായിരിക്കണം. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്കും ഒ.ബി.സിക്കാർക്കും നിയമാനുസൃത ഇളവ് ലഭിക്കുന്നതാണ്. എൻ.സി.ടി.ഇ നിശ്ചയിച്ചിട്ടുളള സീറ്റുകളിലേയ്ക്ക് മാത്രമാണ് അഡ്മിഷൻ നടത്തുന്നത്.

തിരുവനന്തപുരം, കൊല്ലം, ഇടുക്കി, തൃശ്ശൂർ, പാലക്കാട് ജില്ലകളിലെ അപേക്ഷകർ തിരുവനന്തപുരം ഗവൺമെന്റ് പ്രീ-പ്രൈമറി ഇൻസ്റ്റിറ്റ്യൂട്ടിലും ആലപ്പുഴ, പത്തനംതിട്ട, കോട്ടയം, എറണാകുളം ജില്ലയിലെ അപേക്ഷകർ ആലപ്പുഴ ഗവൺമെന്റ് പി.പി.ടി.ടി.ഐയിലും മറ്റ് ജില്ലകളിലെ അപേക്ഷകർ കോഴിക്കോട് ഗവൺമെന്റ് പി.പി.ടി.ടി.ഐയിലുമാണ് അപേക്ഷ സമർപ്പിക്കേണ്ടതാണ്.

മേൽ പറഞ്ഞ എല്ലാ നിബന്ധനകളുടെയും നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ സർക്കാർ അംഗീകൃത പി.പി.ടി.ടി.ഐകളിലും അപേക്ഷ നൽകാവുന്നതാണ്. അപേക്ഷയുടെ മാതൃക പി.പി.ടി.ടി.ഐകളിൽ നിന്നും ലഭിക്കുന്നതാണ്. പൂരിപ്പിച്ച അപേക്ഷകൾ 20/6/2014 ന് മുമ്പ് ബന്ധപ്പെട്ട പി.പി.ടി.ടി.ഐകളിൽ ലഭിച്ചിരിക്കണം. സമയപരിധി കഴിഞ്ഞ് ലഭിക്കുന്ന അപേക്ഷ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.

വിജ്ഞാപനത്തിൽ പറയുന്ന നിബന്ധനകൾക്ക് വിധേയമായി പ്രവേശനം നടത്താത്ത പി.പി.ടി.ടി.ഐകളിലെ വിദ്യാർത്ഥികളെ പരീക്ഷ ഭവൻ നടത്തുന്ന പൊതു പരീക്ഷ എഴുതാൻ അനുവദിക്കുന്നതല്ല.

പൊതു വിദ്യാഭ്യാസ ഡയറക്ടർ

പകർപ്പ്:-
1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും.
2. സെക്രട്ടറി, പരീക്ഷാഭവൻ, തിരുവനന്തപുരം.
3. എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും-ഡി.ഡി.ഇ മുഖേന
4. എല്ലാ സർക്കാർ പി.പി.ടി.ടി.ഐകൾക്കും.
5. എല്ലാ സർക്കാർ അംഗീകൃത പി.പി.ടി.ടി.ഐകൾക്കും.